# സംയോജിത ശിശു സംരക്ഷണ പദ്ധതി - കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : റ്റി.വി അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു സംരക്ഷണ പദ്ധതി - വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് - സ്ഥാപന പരിസരത്ത് കുട്ടികൾക്കായി ഒരു കളിസ്ഥലം സജ്ജീകരിക്കുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) മിനിസ്ട്രി ഓഫ് വിമൻ ആൻഡ് ചൈൽഡ് ഡവലപ്മെൻറിൻെറ 30/06/2020-ലെ കത്ത് നമ്പർ 22/30/2015-CW-II.

(2) 05/03/2021-ലെ ഐ.സി.പി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 34.10.

(3) വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 19/02/2021-ലെ കത്ത് നമ്പർ DCPO/W/A/479/2020.

## ഉത്തരവ് നമ്പർ ICPS 2/2348/2019 തീയതി : 22/03/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം പരിസരത്ത് കുട്ടികൾക്ക് കളിസ്ഥലം ഒരുക്കുന്നതിനായി കൽപ്പറ്റ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ കെട്ടിട സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനിയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 20,00,000/-രൂപ അനുവദിക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ അപേക്ഷിച്ചിരുന്നു.

പരാമർശം ഒന്ന് പ്രകാരം ഗവ ജെ.ജെ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും മെയിൻറനൻസ് ജോലികൾക്കുമായി 291 ലക്ഷം രൂപയുടെ അനുമതി കേന്ദ്രസർക്കാറിൽ നിന്നും ലഭിച്ചു. കേന്ദ്ര സർക്കാറിൽ നിന്നും വകുപ്പിനു കീഴിലുള്ള 6 ജെ.ജെ സ്ഥാപനങ്ങളുടെ മെയിനനൻസ് ജോലികൾക്ക് വേണ്ടി 2,91,00,000/-രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് റീ-വാലിഡേറ്റ് ചെയ്ത് ലഭ്യമായിട്ടുണ്ട്. കേന്ദ്രം അനുവദിച്ച തുകയിൽ 2,62,36,800/-രൂപ ചെലവഴിച്ച് 28,63,200/-രൂപ ബാക്കി നിൽപ്പുണ്ട്.

പരാമർശം രണ്ട് പ്രകാരം വയനാട് ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് കളിസ്ഥലം ഒരുക്കുന്നതിനായി വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ സമർപ്പിച്ച പി.ഡബ്ലിയു.ഡി-യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 20,00,000/-രൂപ കേന്ദ്രം അനുവദിച്ച 291 ലക്ഷം രൂപയിൽ ബാക്കി നിൽക്കുന്ന 28,63,200/-രൂപയിൽ നിന്നും ചെലവഴിക്കുന്നതിന് ഐ.സി.പി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. കൂടാതെ കളിസ്ഥലത്തിനു ചുറ്റും ഡ്രയ്നേജ് സംവിധാനം ഏർപ്പെടുത്തണമെന്നും, ടി കളിസ്ഥലത്ത് കുട്ടികൾക്ക് ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട്, ഫുട്ബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട് തുടങ്ങിയവ കൂടി സജ്ജീകരിക്കുവാനും കമ്മിറ്റി നിർദ്ദേശിച്ചു.

ടി സാഹചര്യത്തിൽ വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം പരിസരത്ത് കുട്ടികൾക്ക് കളിസ്ഥലം ഒരുക്കി ഡ്രയ്നേജ് സംവിധാനം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ചെയ്യുന്നതിനായി കൽപ്പറ്റ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ കെട്ടിട സെക്ഷൻ

അസിസ്റ്റന്റ് എഞ്ചിനിയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 20,00,000/-രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (20,00,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-ൽ നിന്നും വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുക കോഴിക്കോട് പി.ഡബ്ല്യു.ഡി ബിൽഡിംഗ് ഡിവിഷന്റെ ശീർഷകമായ 8443-00-108-00-00 PWD Deposit, Treasury : District Treasury, Kalpetta, Wayanad (DDO Code : 180159B006) എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.ഡബ്ല്യു.ഡി ബിൽഡിംഗ് ഡിവിഷൻ-ലേയ്ക്ക് ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് ചെയ്യേണ്ടതാണ്.

നിർമ്മാണ ജോലികൾ കഴിഞ്ഞതിനു ശേഷം പ്രസ്തുത വർക്കിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, യു.സി എന്നിവ പി.ഡബ്ല്യു.ഡി-യുടെ പക്കൽ നിന്നും വാങ്ങി സ്ഥാപന സൂപ്രണ്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ടി തുകയുടെ കൈപ്പറ്റ് രസീത് പി.ഡബ്ല്യു.ഡി-യിൽ നിന്നും വാങ്ങി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

കളിസ്ഥലം സജ്ജീകരിച്ച ശേഷം കുട്ടികൾക്ക് ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട്, ഫുട്ബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട് തുടങ്ങിയവ കൂടി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്ഥാപന സൂപ്രണ്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
വയനാട്

<u>പകർപ്പ്</u>

1. സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്)
   കണിയാമ്പറ്റ, വയനാട്
2. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
   (അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
   (ബന്ധപ്പെട്ട രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി
6. വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്